LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

19 [2188] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, സ്വയം തൊഴിൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പഞ്ചായത്തുകളിലാണ് ഇത്തരം കേന്ദ്രങ്ങൾ തുടങ്ങാൻ 2001-2002-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്.

(സി) ഇതിൽ എത്ര കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ഈ കേന്ദ്രങ്ങളിൽ ഇതുവരെ തൊഴിൽരഹിതരായ എത്ര യുവതീ-യുവാക്കൾക്ക് കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) നിർമ്മിതി കേന്ദ്രത്തിന്റെ ഗ്രാമീണ ഭവന പദ്ധതിയായ കെസ്നിക്-എസ്.ഡി.സി. റൂറൽ ഹൗസിംഗ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2001-2002 സാമ്പത്തിക വർഷം സിസ് ഏജൻസി ഫോർ ഡവലപ്മെന്റുമായി ചേർന്ന് 5 പഞ്ചായത്തുകളിലായി ഓരോ സ്വയം തൊഴിൽ ഉത്പാദന കേന്ദ്രങ്ങൾ വീതം നടപ്പിലാക്കിയിരുന്നു.

(സി) ഈ പദ്ധതിയിൽ ഇതുവരെ 112 കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ഡി) ഈ കേന്ദ്രങ്ങളിൽ ഇതുവരെ 495 തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്വാശ്രയ മേഖലയിൽ ലാ കോളേജ്

20 [2237] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
" കെ. സി. ജോസഫ്:
" എം. മുരളി:
" സി. പി. മുഹമ്മദ്:
" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ലാ കോളേജ് ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ;